കൽപ്പറ്റയിൽ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി

38(43) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റയിൽ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതു സംബന്ധിച്ച് കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ വയനാട് സമർപ്പിച്ചിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങളും മാനദണ്ഡങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൽപ്പറ്റയിൽ നിലവിലുള്ള ചെക്ക് കേസുകൾ കൈകാര്യം ചെയ്യുവാൻ മാത്രം അധികാരമുള്ള ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിക്ക് പൂർണ്ണചുമതല നൽകണമെന്നാവശ്യപ്പെട്ട് കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷന്റെ അപേക്ഷ 8-1-2015-ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതിന്മേൽ ശിപാർശയായി ഹൈക്കോടതി രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്.

(ബി) കോടതി ആരംഭിക്കുന്നതിനുള്ള വിവിധ ഘടകങ്ങൾ പരിശോധിച്ച് ഹൈക്കോടതി നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോടതികൾ ആരംഭിക്കുന്നതിനുള്ള അധികാരം ക്രിമിനൽ പ്രോസിജ്യർ കോഡ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമാണ്.

മന്ത്രിസഭാംഗങ്ങൾക്കെതിരെയുള്ള വിജിലൻസ് കേസുകൾ

39(44) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭയിലെ അംഗങ്ങളിൽ ആരുടെയെങ്കിലും പേരിൽ വിജിലൻസ് കേസുകളോ മറ്റ് കേസുകളോ എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ആരുടെ പേരിലാണെന്നും, അതിന് ആധാരമായ വിഷയവും പ്രത്യേകം വിശദമാക്കുമോ ;

(സി) ഇതിൽ ആർക്കെങ്കിലും എതിരെ കുറ്റപത്രം നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെതിരെ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly